(ഡി) സമയബന്ധിതമായി വിളവെടുക്കേണ്ടത് കർഷകർ എടുക്കേണ്ട നടപടിയാണ്. വിളവെടുപ്പിനുശേഷം സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനുമുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആസൂത്രണം ചെയ്ത് ആവിഷ്കരിച്ചിട്ടുണ്ട്.

റേഷൻ വിതരണം

260 (1317) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒക്ടോബർ മാസത്തെ കേന്ദ്ര റേഷൻ വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രവിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കാത്തതു കൊണ്ട് റേഷൻ ഷാപ്പുകളിൽ അരിയും ഗോതമ്പും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ വിഹിതം ഏറ്റെടുക്കാത്ത മൊത്ത വിതരണക്കാർക്കെതിരായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 99.45 ശതമാനം.

(ബി) ഇല്ല.

(സി) അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിട്ടെടുക്കാതിരുന്നതിന് മൊത്ത വ്യാപാരികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യ സുരക്ഷാനിയമം -കേന്ദ്ര സർക്കാർ നിബന്ധനകൾ

261 (1318) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ്; ഇതുപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷ നിയമപ്രകാരം 5-7-2014-ന മുമ്പായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി പുതുക്കിയ പൊതുവിതരണ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തണമെന്ന് അനുശാസിച്ചിരുന്നു. എന്നാൽ കേന്ദ്ര ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്നതിനാലും 2014 നവംബർ ഒന്നാം തീയതി മുതൽ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നു. പക്ഷേ, അനുമതി ലഭിച്ചില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷൻ, ഓഫീസ് ഓട്ടോമേഷൻ, അംഗീകൃത മൊത്ത/ചില്ലറ വ്യാപാര ശാലകളിലെ കമ്പ്യൂട്ടർ വൽക്കരണം, മൊത്ത/ചില്ലറ വ്യാപാരശാലകൾക്കുള്ള അലോട്ട്മെന്റ് ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള റേഷൻ കാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, സ.ഉ.(കൈ)നമ്പർ112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഓഫീസ് ഓട്ടോമേഷനുവേണ്ടിയുള്ള ഹാർഡ്വെയർ പർച്ചേസ് നടപടികൾ നടന്നുവരുന്നു. മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം, അലോട്ട്മെന്റ്, വിതരണം എന്നിവ സംബന്ധിച്ച് ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുടെ സഹായത്തോടെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

262 (1319) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആർക്കെല്ലാമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?